# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA TSR(P13)1002/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P13)1002/2022. തീയ്യതി: 04/07/2022

## തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷാജിത. കെ.എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ. പി.ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ. ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം.കെ. ശ്രീജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അംബിക.എം.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| നിഖിൽ രാജ്.സി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.സുനിൽകുമാർ കെ.ആർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 08-05-2019 |
| ഡോ.മിഥുൻ.കെ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) (ഇൻ ചാർജ്) | 09-05-2019 | 16-07-2019 |
| ഡോ. ശാര ബി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 17-07-2019 | 31-03-2020 |
| ഡോ.പ്രദീപ് വി.എം | വെറ്ററിനറി സർജ്ജൻ | 01-04-2019 | 08-08-2019 |
| ഡോ.രഞ്ജു | വെറ്ററിനറി സർജ്ജൻ | 09-08-2019 | 31-03-2020 |
| ശോഭന എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഫ്രാങ്കോ ജെയിംസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| സിന്ധു ടി.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-09-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 17-09-2019 | 10-12-2019 |
| വിജയൻ എം.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 11-12-2019 | 31-03-2020 |
| എം.എൻ ബിന്ദു | എച്ച് എം, ജി.എൽ പി എസ് കാക്കിനിക്കാട് | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദു പി ഭാസ്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി) | 01-04-2019 | 31-03-2020 |
| സുജിത്ത് പി.ജി | അഗ്രിക്കൾച്ചറൽ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunil.P.B (Asst. Audit Officer, On 15-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: REKHA E.C. (Auditor, On 15-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 24-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: REKHA E.C. (Auditor, On 15-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 15-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 15-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: REKHA E.C. (Auditor, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-9 |
| 10 | 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 26-06-2022) | 1-10 |
| 11 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-1 |
| 12 | വസ്തുനികുതി<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-2 |
| 13 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-3 |
| 14 | മുൻകാല വരവ്-ചെലവുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-4 |
| 15 | ജേണൽബുക്കിന്റെ പരിപാലനം<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-5 |
| 16 | ആസ്തി രജിസ്റ്റർ<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-6 |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-7 |

| | | |
|---|---|---|
| 18 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-8 |
| 19 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-9 |
| 20 | വായ്പ രജിസ്റ്റർ<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-10-10 |
| 21 | രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-11 |
| 22 | ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക കൃത്യമായി അടവാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-12 |
| 23 | കളക്ഷൻ ലഭിക്കാത്ത തുക സഞ്ചയയിൽ കളക്ഷനായി പോസ്റ്റ് ചെയ്യുന്നു<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-13 |
| 24 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.ഓഫീസിന് വാടക ഈടാക്കുന്നില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-14 |
| 25 | തൊഴിൽ നികുതി സ്ളാബ് പ്രകാരം ഈടാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-15 |
| 26 | കോഴി ഫാം ഷെഡ് നിർമ്മാണം - ക്രമവൽക്കരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-16 |
| 27 | ചട്ടവ്യവസ്ഥകൾ ഉറപ്പ് വരുത്താതെ വ്യാവസായിക കെട്ടിടത്തിന് നിർമ്മാണ അനുമതി കൊടുത്തത്<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-17 |
| 28 | കെട്ടിടനമ്പർ നൽകിയ ഓഡിറ്റോറിയത്തിന്റെ ഫയലിനോടൊപ്പം കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-18 |
| 29 | പെർമിറ്റ് നേടാതെ പണിത കെട്ടിടത്തിന് കെട്ടിടനികുതി ഇളവ് നൽകി -ചട്ടവ്യവസ്ഥകൾ പാലിച്ചിട്ടില്ല<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-19 |
| 30 | വസ്തു നികുതി തെറ്റായ നിരക്കിൽ ഈടാക്കി<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-20 |
| 31 | കരിങ്കൽ ഖനനകാരി ലൈസൻസ്<br>Written By: REKHA E.C. (Auditor, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-21 |
| 32 | കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശിക സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-22 |
| 33 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 17-06-2022) | 1-23 |

| | | |
|---|---|---|
| | Last Updated By: Reena Joseph (Audit Officer, On 03-07-2022) | |
| 34 | തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രോജക്ടുകൾ<br>Written By: Reena Joseph (Audit Officer, On 17-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-24 |
| 35 | ഡെപ്പോസിറ്റ് പ്രവർത്തി പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Reena Joseph (Audit Officer, On 18-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-25 |
| 36 | പത്രപരസ്യം ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല<br>Written By: Reena Joseph (Audit Officer, On 18-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-26 |
| 37 | ജി.എസ്.ടി ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 18-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-27 |
| 38 | പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ-രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-28 |
| 39 | ആനുകൂല്യം കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതികൾ ലഭ്യമാക്കിയില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-29 |
| 40 | പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-30 |
| 41 | എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-31 |
| 42 | കല്ലംപാറ സമഗ്രകോളനി വികസനം- ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-32 |
| 43 | മച്ചാട് സുസ്ഥിരവാണിജ്യ വ്യവസായ കേന്ദ്രം-വിഭാവനം ചെയ്ത ലക്ഷ്യം നിറവേറ്റുന്ന വിധത്തിൽ പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-33 |
| 44 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്-കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-34 |
| 45 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-എസ്.സി -ആദ്യഗഡു കൈപ്പറ്റി വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-35 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലനം വനിത -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: K.M.Shajitha (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-36 |
| 47 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-37 |

| | | |
|---|---|---|
| 48 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-38 |
| 49 | ജി.എസ്.റ്റി നിയമ പ്രകാരമുള്ള ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-39 |
| 50 | എയിഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഫയലിലില്ല<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-40 |
| 51 | അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം - സർക്കാർ നിർദ്ദേശം പാലിച്ചില്ല 2019-20 വർഷത്തെ വികസന ഫണ്ട് നഷ്ടമായി<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാലിബ്രേഷൻ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Sunil.P.B (Asst. Audit Officer, On 19-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: REKHA E.C. (Auditor, On 14-06-2022)<br>Last Updated By: Reena Joseph (Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28-02-2019 | തീരുമാനം 1 | 301382830 | 292089750 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15/02/2019 | ലഭ്യമല്ല | 264435414 | 253224084 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 15.06.2020 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,20,64,854.00 |
| വരവ് | 9,54,34,803.45 |
| ആകെ | 10,74,99,657.45, |
| ചെലവ് | 8,83,99,847.00 |
| നീക്കിയിരിപ്പ് | 1,90,99,810.45 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 1,76,87,950 | 1,76,87,950 | 1,55,85,156 | 21,02,794 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 91,44,619 | 91,44,619 | 56,76,049 | 34,68,570 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 1,96,000 | 1,96,000 | 75,030 | 1,20,970 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 2,17,29,000 | 2,17,29,000 | 1,10,58,756 | 1,06,70,244 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 48,73,000 | 48,73,000 | 40,44,530 | 8,28,470 |
| സെൻട്രൽ ഫിനാൻസ് | 0 | 1,27,59,145 | 5520000 | 1,10,58,756 | 1,06,70,244 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 190 New | 116742770 | 88 | 42536595 | -- | 102 | 46.31 |
| 68 Spill Over | 60606678 | 52 | 20431967 | -- | 16 | 76.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 53 | 1660514 | 1660567 | 1137781 | 522786 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 37377444 | 373777444 | 37377444 | - |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 967200 | 57 Beneficieries 720 Each<br>58 Beneficieries 960 Each |
| കർഷകതൊഴിലാളി പെൻഷൻ | 4381800 | 1506 |
| വിധവാ പെൻഷൻ | 8221800 | 3958 |
| വാർദ്ധക്യകാല പെൻഷൻ | 11787600 | 779 |
| വികലാംഗപെൻഷൻ | 2368700 | 410 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1200600 | 2778 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം 17.06.2022ന് 3 Pmന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ, ഫ്രന്റ് ഓഫീസിൽ ഡെയിലി കൗണ്ടർ കളക്ഷനായ ₹14,305/- കണ്ടു ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത സമയത്തെ ക്യാഷ് ബുക്ക് പ്രകാരം ₹16,618/-ടെ ക്രഡിറ്റ് നീക്കിബാക്കിയുള്ളതായും കണ്ടു. അതായത് റസീപ്റ്റ് വന്ന തുകയേക്കാൾ കൂടുതൽ തുക പേയ്മെന്റ് ചേർത്തതിനാൽ ബാലൻസ് നെഗറ്റീവായി കാണുന്നു. പൊരുത്തക്കേടിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.21/17.06.2022ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയിൽ '2021-22ലെ 6389 നമ്പർ ഫയൽ പെന്റിംഗ് ടാസ്കിലൂടെ പേയ്മെന്റ് നടത്തിയത് 16.05.22ലെ ക്യാഷ്ബുക്കിൽ വരികയും (പേയ്മെന്റ് തുക ₹6,438/-), 1895 നമ്പർ ഫയൽ പെന്റിംഗ് ടാസ്ക് മുഖേനെ പേയ്മെന്റ് നടത്തിയത് ₹24485/- 09-06-2022ലെ ക്യാഷ് ബുക്കിൽ വരികയും ചെയ്തതുമാണ് മൂലമാണ് ക്യാഷ്ബുക്കിൽ 6438+24485=₹30,923 വ്യത്യാസം ക്യാഷ്ബുക്കിൽ കാണുന്നത്, ആയത് IKMൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്ത് ഉടനെ പരിഹരിക്കുന്നതാണ് 'എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

17.06.22ന് 3 Pmന് ക്യാഷ് ബുക്കിൽ ₹16,618/- (Cr.) നീക്കിയിരിപ്പായതിനാൽ പണപരിശോധനയിലെ

നീക്കിയിരിപ്പ് തുകയുടേയും, കൈയ്യിലുള്ള തുകയുടേയും പൊരുത്തപ്പെടുത്തൽ ഉറപ്പുവരുത്താൻ സാധിച്ചില്ല, ഈ സാഹചര്യത്തിൽ സെക്രട്ടറിയുടെ മേൽ പറഞ്ഞ മറുപടിയിലെ വസ്തുതകൾ ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താനും കഴിഞ്ഞില്ല.

02.07.2022ന് കെ.എസ്. എ.ടി.എസ്.ആർ (പി13)1002/2022 നമ്പർ പ്രത്യേക കത്തു മുഖേനെ ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെയും അറിയിച്ചിട്ടുള്ളതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.1/15.06.2022)

### 1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

### 1-10-2 വസ്തുനികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

10.2.1തൻവർഷം

10.2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20,29,851 | 19,85,381 | 53,251 | 1,620 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 20,29,851 | 19,74,980 | 53,251 | *1,620 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

10.2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8,57,959 | 8,33,484 | 16,120 | 8760 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8,57,959 | 8,33,079 | 16,120 | 8760 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

10.2.3 ലൈബ്രറി സെസ്സ് (തൻവർഷം )

| | | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | തൻവർഷം | തൻവർഷം | | | തൻവർഷം |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,04,192 | 1,01,506 | 2987 | | 81 |
| | നോൺ-റെസിഡൻഷ്യൽ | 43,403 | 42,045 | 833 | | 438 |
| | ആകെ | 1,47,595 | 1,43,551 | 3,820 | | 519 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,39,280 | 1,43,591 | | 1,47,076 | 519 |
| | | .+. =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies ലെഡ്ജർ 2019-20) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt . Cess/levies. ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

10.2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:10.2.1.1, 10.2.1.2, 10.2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 2,07,754 | 4,91,160 |

| | | | |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 1,40,460 | 24,866 |

10.2.6 1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ തെക്കുകര ഗ്രാമപഞ്ചായത്തിൽ 255 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ എൻട്രി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

10.2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവപ്രകാരം 1,43,591/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 1,47,076 രൂപയാണ്.(വൌച്ചർ 41900376/31.03.20 തുക ₹1,04,111/- & വൌച്ചർ 41900379/31.03.20 തുക ₹42,965/-) (പട്ടിക 10.2.3 കാണുക )

## 1-10-3 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)) നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

1.10.3.2 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന തൊഴിൽ നികുതി (ജീവനക്കാർ) വരവ് രജിസ്റ്റർ, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| 110200102 Profession Tax - Employees | 7,89,280 | 7,63,030 | 7,63,030 |

### 1-10-4 മുൻകാല വരവ്-ചെലവുകൾ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/20ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100102-Prior Period Income -Profession Tax -Institutions/Profssessionals/Traders | (-)8,995.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (-)13,461 |
| 280200401-Prior Period Income-Other Income | (-)3,28,124.00 |
| 280800501-Prior Period- Program Expenses | 56,381.00 |

### 1-10-5 ജേണൽബുക്കിന്റെ പരിപാലനം

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-6 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 70,34,956/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)3,67,563 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-8 തൊഴിലുറപ്പ് പദ്ധതി

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ₹3,73,77,444 എന്നതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 68,04,045 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ ₹68,04,045 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റില് ₹68,04,045 ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-10-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്

വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് പത്രിക ഷെഡ്യൂൾ-B-11(a) പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ₹61,06,648/- എന്നത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധിച്ചുറപ്പുവരുത്തുന്നതിനുതകുന്ന, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ ഇതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായില്ല.

## 1-10-10 വായ്പ രജിസ്റ്റർ

1.10.10.1 വായ്പ ഇനത്തിൽ തൻവർഷം 88236രൂപ തിരിച്ചടച്ചിട്ടുള്ളതും, ബാലൻസ് ഷീറ്റ് B-5ഷെഡ്യൂൾ പ്രകാരം 31/3/2020ന് ₹25,19,999/- തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1.10.10.2 ബാലൻസ് ഷീറ്റ് B-5ഷെഡ്യൂൾ പ്രകാരം (-)₹3,65,000/- Secured Loan From Banks എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-11 രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

താഴെ പറയുന്ന രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

58996, 58997, 58998, 58999, 59000, 60001, 60002, 60003, 60004, 60005, 35246, 35248, 35249, 35253, 35255, 60496, 60497, 63005, 63006, 63007, 63008, 63009, 63010, 63012, 63013, 63015, 15306, 15307, 15308, 15309, 15310, 15311, 15312, 15313, 15314, 15315, 15316, 15317, 15318, 15319, 15320, 15321, 20950, 20951, 20952, 20954, 20961, 20962, 20963, 20964, 20965, 20966, 20967, 20968, 20969, 20970, 20971, 20974, 20976, 20977, 20978, 20979

താഴെ പറയുന്ന രസീത് ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

15326, 15327, 15328, 15331, 15332, 15333

മേൽ പറഞ്ഞ രസീത് ബുക്കുകളും കളക്ഷൻ രെജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:23 തീയതി: 17.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് പുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക കൃത്യമായി അടവാക്കിയിട്ടില്ല

ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക കൃത്യമായി അടവാക്കാത്തവയ്ക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ഡേ ബുക്ക് പ്രകാരം 6.2.21 ൽ 5,317/- തുകയുടെ കളക്ഷൻ വന്നിട്ടുണ്ട്. ടി തുക അമ്പലപ്പാട് സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ (തനതു ഫണ്ട്) 19.2.21 ൽ മാത്രമാണ് അടവാക്കിയിരിക്കുന്നത്.

2. ഡേ ബുക്ക് പ്രകാരം 5.2.21 ൽ 75,729/- തുകയുടെ കളക്ഷൻ വന്നിട്ടുണ്ട്. എന്നാൽ 5.2.21 ൽ അമ്പലപ്പാട് സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ 75,591/- തുക മാത്രമേ അടവാക്കിയിട്ടുള്ളു. 75,729/- തുകയിൽ ഉൾപ്പെടുന്ന പെർമിറ്റ് ഫീയായ 138/- രൂപ അടവാക്കിയില്ല. 6 മാസത്തിന് ശേഷം ടി കുറവ് തുക (138/- രൂപ) 17.8.21 ലാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്.

3. ഡേ ബുക്ക് പ്രകാരം 27.3.21 ൽ 20,396/- തുകയുടെ കളക്ഷൻ വന്നിട്ടുണ്ട്. എന്നാൽ 29.3.21 ൽ സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ 20,304/- തുക മാത്രമേ അടവാക്കിയിട്ടുള്ളു. 20,396/- തുകയിൽ ഉൾപ്പെടുന്ന വസ്തുനികുതിയായ 92/- രൂപ അടവാക്കിയില്ല. 5 മാസത്തിന് ശേഷം ടി കുറവ് തുക (92/- രൂപ) 17.8.21 ലാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. ഇപ്രകാരം വൈകി പണം അടവാക്കാനുണ്ടായ കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:24 തീയതി: 17.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇത്രയും വൈകി പണം അടവാക്കാനുണ്ടായ കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 കളക്ഷൻ ലഭിക്കാത്ത തുക സഞ്ചയയിൽ കളക്ഷനായി പോസ്റ്റ് ചെയ്യുന്നു

താഴെ പറയുന്ന തീയതികളിൽ ഫ്രന്റ് ഓഫീസിൽ റദ്ദ് ചെയ്ത സാംഖ്യ നമ്പറും തുകയും സഞ്ചയയിൽ കളക്ഷനായി പോസ്റ്റ് ചെയ്തിരിക്കുന്നു. ടി നമ്പറുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ കളക്ഷൻ വന്നതായാണ് കാണിച്ചിരിക്കുന്നത്. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | തീയതി | സാംഖ്യ നമ്പർ | സ്റ്റേഷനറി നമ്പർ | കെട്ടിട നമ്പർ | തുക | ക്യാൻസൽ ചെയ്ത വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 22.10.19 | 119080102828 | 06084037 | 13/391 | 74/- | ക്രമ പ്രകാരം വരുന്ന 119080102879 എന്ന സാംഖ്യ നമ്പറിന് ശേഷം | 22.10.19ലെ ഡേ ബുക്ക് പ്രകാരം ടി സാംഖ്യ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 119080102828 എന്ന നമ്പറാണ് പ്രിന്റ് വന്നത്. ആയതു മൂലം ക്യാൻസൽ ചെയ്തു എന്നാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇതിന് ശേഷം ക്രമ പ്രകാരമുള്ള 119080102880 എന്ന സാഖ്യ നമ്പറാണ് പ്രിന്റ് വന്നിരിക്കുന്നത്. | നമ്പറിൽ കളക്ഷൻ വന്നിട്ടില്ല. അതായത് തുക സ്വീകരിക്കാതെ സഞ്ചയയിൽ കളക്ഷൻ വന്നതായി കാണിച്ചിരിക്കുന്നു. |
| 2. | 24.10.19 | 119080102909 | 06084119 | 1/349A | 980/- | 119080102908 എന്ന സാഖ്യ നമ്പറിന് ശേഷം 119080102861 എന്ന നമ്പറാണ് 06084119 എന്ന സ്റ്റേഷനറി നമ്പറിൽ പ്രിന്റ് വന്നത്. ആയതു മൂലം ക്യാൻസൽ ചെയ്തു എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. | 24.10.19ലെ ഡേ ബുക്ക് പ്രകാരം ടി സാംഖ്യ നമ്പറിൽ കളക്ഷൻ വന്നിട്ടില്ല. അതായത് തുക സ്വീകരിക്കാതെ സഞ്ചയയിൽ കളക്ഷൻ വന്നതായി കാണിച്ചിരിക്കുന്നു. |
| 3. | 2.5.20 | 120080100050 | 06087308 | 3/170A | 378/- | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തുക അടവാക്കിയവരുടെ വിവരം റദ്ദ് ചെയ്യുന്നു എന്ന് കൗണ്ടർ സ്റ്റാഫ് എഴുതി ഇനിഷ്യൽ ചെയ്തിട്ടുണ്ട്. | 2.5.20ലെ ഡേ ബുക്ക് പ്രകാരം ടി സാംഖ്യ നമ്പറിൽ കളക്ഷൻ വന്നിട്ടില്ല. അതായത് തുക സ്വീകരിക്കാതെ സഞ്ചയയിൽ കളക്ഷൻ വന്നതായി കാണിച്ചിരിക്കുന്നു. |

- ഇത്തരത്തിൽ റദ്ദ് ചെയ്ത തുകയും സാംഖ്യ നമ്പറും തെറ്റായി പോസ്റ്റിങ്ങ് നടത്തിയത് മുഖേന തുക ഈടാക്കാതെ തന്നെ കളക്ഷൻ നടത്തിയതായി കാണിച്ചിരിക്കുന്നു.
- റദ്ദ് ചെയ്ത ടി സാംഖ്യ രസീതുകൾ കൗണ്ടർ ഫോയിൽ അടക്കം (തുക അടവാക്കിയവർക്ക് നൽകുന്ന രസീതിന്റെ പതിപ്പടക്കം) ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.
- ടി നമ്പറുകളെല്ലാം ക്യാൻസെൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്നുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ:6 തീയതി: 16.6 22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിൽ തുക ലഭ്യമാകാതെ ഇപ്രകാരം വരവ് രേഖപ്പെടുത്തിയതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.ഓഫീസിന് വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോടനുബന്ധിച്ചുള്ള പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലെ 12/439 (209 ച.മീ.) എന്ന കെട്ടിടത്തിൽ കെ.എസ്.ഇ.ബി.യുടെ ഓഫീസ് വർഷങ്ങളായി പ്രവർത്തിച്ചു വരുന്നതായി കാണുന്നു. എന്നാൽ നാളിതുവരെയായും വാടക ഈടാക്കി തുടങ്ങിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ: 5 തീയതി: 16.6.22 ന മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഈടാക്കാതിരിക്കുന്നതിന് മതിയായ കാരണം ലഭ്യമാണെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ നിന്നും തൊഴിൽ നികുതി സ്ലാബ് പ്രകാരം ഈടാക്കാത്തതായി കാണുന്നു. അപാകതകൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ | അപാകത | കുറിപ്പുകൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | നികുതി | | |
| 1 | ധന്യ വി. | അസിസ്റ്റന്റ് എൻജിനീയർ തെക്കുംകര ഗ്രാമപഞ്ചായത്ത് | 1,36,500(ഒന്നാം ) | 1000 | ഈടാക്കേണ്ടത് 1250 രൂപയാണ് | -- |
| 2. | ചന്ദ്രമതി കെ. | അറ്റൻഡർ, വടക്കാഞ്ചേരി ബ്ലോക്ക് വിവിധോദ്ദേശ്യ സഹകരണ സംഘം | 1,27,962(ഒന്നാം) | 1080 | ഈടാക്കേണ്ടത് 1250 രൂപയാണ് | തൊഴിൽ നികുതി സ്ലാബിൽ ഉൾപ്പെടാത്ത തുക ഈടാക്കി |
| 3. | ജ്യോതി ആർ. | സീനിയർ ക്ലർക്ക്, വടക്കാഞ്ചേരി ബ്ലോക്ക് വിവിധോദ്ദേശ്യ സഹകരണ സംഘം | 1,26,602(ഒന്നാം) | 1080 | ഈടാക്കേണ്ടത് 1250 രൂപയാണ് | തൊഴിൽ നികുതി സ്ലാബിൽ ഉൾപ്പെടാത്ത തുക ഈടാക്കി |

ഇത്തരത്തിൽ തുക കുറവ് ഈടാക്കിയതിന് കാരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ:8/16-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഇടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കോഴി ഫാം ഷെഡ് നിർമ്മാണം - ക്രമവൽക്കരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

എ 3-5148/19 എന്ന നമ്പരിലുള്ള കെട്ടിട ക്രമവൽക്കരണ ഫയൽ പരിശോധിച്ചത് പ്രകാരം ശ്രീ. രാമദാസ് വലിയ വാഴയിൽ വീട് വീരോലിപ്പാടം, തെക്കുംകര എന്നവർ 3.10.19 ന് മണലിത്ര വില്ലേജിലെ 346/5-1 പി സ്ഥലത്ത് കോഴിഫാം ഷെഡ് കെട്ടിടം നിർമ്മിച്ചത് ക്രമവൽക്കരിച്ച് കിട്ടുന്നതിനായി അപേക്ഷിച്ചിരുന്നതായി കാണുന്നു. ആയതിനു കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 2011 പ്രകാരം ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിന്റെ NOC ലഭിക്കുന്നതിനായി 26.10.19 ന് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചതിന്റെ കത്ത് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. സങ്കേതത്തിൽ നിന്നുള്ള അപേക്ഷ പ്രകാരം ടി കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 78 ച. മീ. ആണ്. കെട്ടിടത്തിന്റെ പ്ലാനുകൾ ഫയലിൽ ലഭ്യമല്ല. ഫയൽ പരിശോധിച്ചത് പ്രകാരം നാളിതുവരെയായും കെട്ടിടം ക്രമവൽക്കരിച്ച് നൽകിയിട്ടില്ല. മണലിത്ര വില്ലേജിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം "Xxx" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ഡ്രൈ ലാൻഡ് എന്ന് വില്ലേജ് ഓഫീസർ തിരുത്തിയിട്ടുമുണ്ട്. കെട്ടിടത്തിന് പെർമിറ്റ് നല്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (7/16.06.2022) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കി അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 ചട്ടവ്യവസ്ഥകൾ ഉറപ്പ് വരുത്താതെ വ്യാവസായിക കെട്ടിടത്തിന് നിർമ്മാണ അനുമതി കൊടുത്തത്

താഴെ കൊടുത്തിരിക്കുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ,<br>അപേക്ഷ തീയതി | എ-4/1159,<br>11.6.19 |
| അപേക്ഷകന്റെ പേര് | ജോബി അബ്രഹാം,<br>കറുകമാലിൽ വീട് |
| വാർഡ് നമ്പർ | 13 |
| കെട്ടിടത്തിന്റെ ഗണം | ജി 1 |

| | |
|---|---|
| തറ വിസ്തീർണ്ണം | 820.44 ച.മീ. |
| സ്ഥല വിസ്തീർണ്ണം | 42.49 ആർ. |

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 38(2) [പട്ടിക 4 ബി-7] പ്രകാരം ജി-1 ഗണത്തിലുള്ള ചെറുതും ഇടത്തരവും അപായസാധ്യതയുമുള്ള കെട്ടിടത്തിന് പ്ലോട്ടിനുള്ളിൽ തന്നെ കാറുകൾക്കായി തെരുവിൽ നിന്ന് വിട്ടുള്ള പാർക്കിങ് സ്ഥലമായി 200 ച.മീ. കാർപെറ്റ് വിസ്തീർണ്ണം ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 40 (6) പ്രകാരം മേൽ സൂചിപ്പിച്ച പാർക്കിങ് സ്ഥലത്തിന് പുറമെ, തറവിസ്തീർണ്ണത്തിന്റെ ആദ്യ 700 ച.മീറ്റർ കവിഞ്ഞുള്ള ഓരോ 1000 ച.മീറ്ററിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒന്ന് എന്ന തോതിൽ പ്ലോട്ടിനുള്ളിൽ തന്നെ ലോഡിങ്, അൺ-ലോഡിങ് സ്ഥലങ്ങളും ആയത് ഓരോന്നിനും 30 ച.മീറ്റർ എന്ന തോതിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചട്ടവ്യവസ്ഥ പ്രകാരമുള്ള പാർക്കിങ്ങോ കയറ്റിറക്ക് സ്ഥലമോ ഉൾപ്പെടുത്താത്ത പ്ലാനിനാണ് പഞ്ചായത്ത് നിർമ്മാണ അനുമതി നൽകിയതായി കാണുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (17/17.06.2022) മറുപടി ലഭ്യമാക്കിയില്ല. ചട്ട വ്യവസ്ഥകൾ പാലിക്കാതെ ഇത്തരത്തിൽ കെട്ടിടനിർമ്മാണ അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-18 കെട്ടിടനമ്പർ നൽകിയ ഓഡിറ്റോറിയത്തിന്റെ ഫയലിനോടൊപ്പം കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമാക്കിയിട്ടില്ല

2019-20 ൽ നമ്പർ നൽകിയ 17/309എ എന്ന കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 17/309എ |
| ഉടമസ്ഥന്റെ പേര് | അനിൽ കുമാർ,<br>ബിന്ദു അനിൽകുമാർ |
| കെട്ടിടത്തിന്റെ ഗണം | ഗ്രൂപ്പ് ഡി<br>ഓഡിറ്റോറിയം |
| തറ വിസ്തീർണ്ണം | 1389.08 ച.മീ. |
| പെർമിറ്റ് അനുവദിച്ച തീയതി<br>അനുവദിച്ച തറ വിസ്തീർണ്ണം | 16.12.17<br>1382.68 ച.മീ. |

1. ഫയലിനോടൊപ്പം കെട്ടിടത്തിന് നിർമ്മാണ അനുമതി (പെർമിറ്റ്) അനുവദിച്ച പ്ലാൻ, പണി പൂർത്തീകരിച്ച പ്ലാൻ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. പെർമിറ്റ് ഫയൽ ഹാജരാക്കിയിട്ടില്ല.
3. സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
4. പണി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18/17.06.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 പെർമിറ്റ് നേടാതെ പണിത കെട്ടിടത്തിന് കെട്ടിടനികുതി ഇളവ് നൽകി -ചട്ടവ്യവസ്ഥകൾ പാലിച്ചിട്ടില്ല

4.4.19 ലെ എ 3 -2112/ 19 എന്ന ഫയലിലെ സൂചികയിലെ നോട്ട് ഫയൽ പ്രകാരം ഡി.ടി.പി.സി. യുടെ ചെപ്പാറ റോക്ക് ഗാർഡൻ പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിച്ച ടോയ്‌ലെറ്റ് ബ്ലോക്കിന് കെട്ടിട നമ്പർ അനുവദിച്ച് കിട്ടുന്നതിനായി സെക്രട്ടറി, ഡി.ടി.പി.സി. അപേക്ഷിച്ചതായി കാണുന്നു. എന്നാൽ അപേക്ഷ ഫയലിൽ ലഭ്യമല്ല. എൽ.എസ്.ജി.ഡി. ഓവർസിയരുടെ ഫീൽഡ് പരിശോധന റിപ്പോർട്ട് പ്രകാരം 26.42 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി 14/ 565 എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല. സഞ്ചയ പ്രകാരം ടി കെട്ടിടത്തെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി നൽകിയതിന് കാരണം ലഭ്യമാക്കേണ്ടതാണ്. ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് നൽകിയതായി കാണുന്നില്ല. പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടി ലഭ്യമാക്കേണ്ടതാണ് എന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ : 9/16-06-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ കെട്ടിടമായതിനാൽ ആയതിന് ബിൽഡിങ് പെർമിറ്റ് എടുക്കേണ്ടതില്ലെന്നും ടി കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതില്ലെന്നുമാണ് ലഭ്യമാക്കിയ മറുപടി. ഇത്തരത്തിൽ ടി കെട്ടിടത്തെ ഒഴിവാക്കി നൽകിയതിന്റെ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി തെറ്റായ നിരക്കിൽ ഈടാക്കി

താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി തെറ്റായ നിരക്കിൽ കണക്കാക്കി ഈടാക്കി വരുന്നതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ: 4/212A

കെട്ടിട ഉടമയുടെ പേര് : അനിൽ കുമാർ കെ.ജെ.

നിലവിൽ ഉൾപ്പെടുത്തിയ കെട്ടിട ഉപയോഗ ക്രമം : വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ

തറ വിസ്തീർണ്ണം : 140.49ച. മീ.

ഈടാക്കിയ നിരക്ക് : 30/-

മേൽ വിവരങ്ങൾ പ്രകാരം തെറ്റായ വസ്തുനികുതി നിരക്കിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കി വരുന്നത്. യഥാർത്ഥത്തിൽ 140.49ച. മീ. തറ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നതിൽ ഉൾപ്പെടുത്തി 50/- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ : 10/16-06-2022) ടി കെട്ടിടത്തിന്റെ വസ്തു നികുതി 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നതിൽ ഉൾപ്പെടുത്തി 50/- രൂപ നിരക്കിൽ ഈടാക്കിയതിന്റെ (റെസിപ്റ്റ് നമ്പർ : 1220500802/17.6.22) വിവരം ലഭ്യമാക്കിയിട്ടുണ്ട്.

## 1-21 കരിങ്കൽ ഖനനക്വാറി ലൈസൻസ്

ബൈജു കെ.ജെ, കീഴേടത്ത് വീട്, അത്താണി എന്നവരുടെ 14/567 എ എന്ന കെട്ടിടനമ്പറിൽ കരിങ്കൽ ഖനന ക്വാറി നടത്തുന്നതിനുള്ള ലൈസൻസ് A4-7992/18 24.12.18 എന്ന അപേക്ഷ പ്രകാരം നേടിയിട്ടുണ്ട്. കേരള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ 7.12.18 ലെ ബി 1 / 17154 / 2017/ DEIAA/TSR/2017 നമ്പർ എൻവയോൺമെൻറ് ക്ലീയറൻസ് ഓർഡർ നമ്പർ നടപടിക്രമം പ്രകാരം അമ്മ റോക്ക് പ്രോഡക്റ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എൻവിയോൺമെന്റൽ ക്ലിയറൻസ് 5 വർഷത്തേക്ക് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ സ്ഥാപനം പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം താഴെ ചേർക്കും വിധം തുക CSR ന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കേണ്ടതായുണ്ട്.

| | |
|---|---|
| CorporateSocialResposibilities Related To The Project | A Total Amount Of 75000/- Is Proposed For CSR Activities In Nearby Village As Capital Cost And 6,75,000/- As Recurring Cost Per Year. |

മേൽ സൂചിപ്പിച്ച ഇത്തരം സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വയ്ക്കുന്നതിനോ ഗ്രാമ പഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി അറിയിച്ചിട്ടില്ലാത്തതാണ്.
2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

ഇത്തരം സാമൂഹ്യ ബാധ്യതാ ഫണ്ടുകൾ തദ്ദേശ സ്ഥാപനം വഴി ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് 29.01.18 ലെ സ.ഉ(കൈ).നം.11/18/ത.സ്വ.ഭ.വ ഖണ്ഡിക 5.1(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരമുള്ള സ്ഥാപനങ്ങളെ സി.എസ്.ആർ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട തീരുമാനങ്ങൾ പഞ്ചായത്ത് കൈക്കൊണ്ടതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ : 12 / 16.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഓഡിറ്റ് നിർദ്ദേശം പാലിക്കാൻ തുടർനടപടി ഉണ്ടാകേണ്ടതാണ്.

## 1-22 കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശിക സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷത്തെ വികസന ഫണ്ട് ഒന്നാം ഗഡു അനുവദിച്ചുകൊണ്ടുള്ള 03.04.2019ലെ സർക്കാർ ഉത്തരവ് (സാധാ) നം.2772/2019/ധന. അനുബന്ധം 1ൽ ക്രമ നമ്പർ488 ൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതത്തിൽ നിന്നും കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശിക തുകയായി ₹5,497/- ഈടാക്കിയിട്ടുള്ളതാണ്. എന്നാൽ കേരള ഇലക്ട്രിസിറ്റി ബോർഡിന് അടവാക്കേണ്ട കുടിശ്ശിക സംബന്ധിച്ച വിവരം പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിയ്ക്ക് (28/17.06.22) മറുപടി നല്കിയിട്ടില്ലാത്തതാണ്.ഇതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-23 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

താഴെ പറയുന്ന പ്രൊജക്ടുകളിൽ തുക നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| | കാൻ-ജില്ലാപഞ്ചായത്തിന് തുക കൈമാറൽ (10/20) | ജില്ലാ പഞ്ചായത്ത് | 18/19-20, 26.8.19 | 80,000 |
| 2 | എബിസി പദ്ധതിവിഹിതം-ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ (266/20) | ജില്ലാ പഞ്ചായത്ത് | 31/19-20, 25.9.19 | 1,00,000 |
| 3 | ഐ.കെ.എം സേവനത്തിന് നൽകാനുള്ള തുക നൽകൽ (3/20) | ഐ.കെ.എം | 30/19-20, 25.9.19 | 46,200 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/15.6.22)

## 1-24 തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രോജക്ടുകൾ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2019-20 വർഷത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|---|
